പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4694** **29-06-2012 - ലെ മറുപടിയ്ക്ക്**

## കൊപ്ര സംഭരണത്തിന് നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. തോമസ് ചാണ്ടി<br>,, എ. കെ. ശശീന്ദ്രൻ | | ശ്രീ. കെ.പി.മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൊപ്രാ സംഭരണത്തിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വെളിപ്പെടുത്താമോ; | (എ) | വിപണിയിൽ നാളികേരത്തിന് വിലയിടിവുണ്ടായിരിക്കുന്ന സാഹചര്യത്തിൽ, കേന്ദ്ര സർക്കാരിന്റെ താങ്ങുവില പദ്ധതി പ്രകാരമുള്ള കൊപ്ര സംഭരണം കേരളത്തിൽ ആരംഭിച്ച് ഊർജ്ജിതമായി നടപ്പിലാക്കി വരികയാണ്. കേന്ദ്ര സർക്കാർ 2012 സീസണിലേക്ക് പ്രഖ്യാപിച്ചിട്ടുള്ള മില്ലിംഗ് കൊപ്രയ്ക്ക് ക്വിന്റലിന് 5100 രൂപ നിരക്കിലും ഉണ്ട കൊപ്രയ്ക്ക് 5350 രൂപ നിരക്കിലും പൊതിച്ച നാളികേരം ക്വിന്റലിന് 1400 രൂപ നിരക്കിലും സംഭരിക്കാൻ 03-02-2012 ലെ സർക്കാർ ഉത്തരവ് നമ്പർ 22/2012/കൃഷി പ്രകാരം തീരുമാനിക്കുകയും അതു പ്രകാരം നാഫെഡിന്റെ സ്റ്റേറ്റ് നോഡൽ ഏജൻസികളായ കേരഫെഡും, മാർക്കറ്റ്ഫെഡും മുഖേന കേരളത്തിലെ എല്ലാ ജില്ലകളിൽ നിന്നും കൊപ്ര സംഭരിച്ചു വരുന്നു. ഇതു പ്രകാരം നാളിതുവരെ (20/06/2012) കേരഫെഡ് ആലപ്പുഴ, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ നിന്നും 2012 ടൺ മില്ലിംഗ് കൊപ്രയും 1.9 ടൺ ഉണ്ട കൊപ്രയും സംഭരിച്ചു കഴിഞ്ഞു. മാർക്കറ്റ് ഫെഡ് മുഖേന 20/06/12 വരെ 1419 ടൺ കൊപ്ര സംഭരണം നടത്തിയിട്ടുണ്ട്. |
| (ബി) | കൊപ്രയുടെ താങ്ങുവില 51 രൂപയായി നിജപ്പെടുത്തിയിട്ടും കൊപ്ര സംഭരണം മന്ദഗതിയിലായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) & (സി) | സംഭരണം ആരംഭിച്ച സമയത്ത് സംഘങ്ങൾക്ക് ഉണ്ടായ ചില ബുദ്ധിമുട്ടുകൾ സംഭരണം ആരംഭിക്കുന്നതിന് കാലതാമസം ഉണ്ടാക്കിയിട്ടുണ്ട്. എഫ്.എ.ക്യൂ ഗുണനിലവാരമുള്ള കൊപ്ര സംസ്ക്കരിച്ചെടുക്കുന്നതിന് കർഷകർക്കുള്ള വിഷമതകൾ, അക്കൗണ്ട് മുഖാന്തിരം |
| (സി) | ഉണ്ടെങ്കിൽ കൊപ്ര സംഭരണം മന്ദഗതിയിലായതിന്റെ കാരണങ്ങ | | |

ളും പരിഹാരനടപടികളും എന്തൊക്കെയെന്ന് വെളിപ്പെടുത്താമോ?

മാറാവുന്ന ക്രോസ് ചെയ്ത ചെക്കുകൾ നൽകുന്നതിന് സംഘങ്ങൾക്കുള്ള ബുദ്ധിമുട്ടുകൾ, സംഭരണത്തിന് നാഫെഡ് നൽകുന്ന ചെലവുകളുടെ അപര്യാപ്തത തുടങ്ങിയ ബുദ്ധിമുട്ടുകൾ സംഘങ്ങൾക്കുണ്ടായതായി മാർക്കറ്റ്ഫെഡ്, കേരഫെഡ് എന്നീ ഏജൻസികൾ അറിയിക്കുകയും ഇക്കാര്യം ചർച്ച ചെയ്യുന്നതിനായി ബഹു. കേരള മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയും തുടർന്ന് സംഭരണം നടത്തുന്ന സംഘങ്ങളെകൂടി ഉൾപ്പെടുത്തിക്കൊണ്ട് തിരുവനന്തപുരത്തുവെച്ചും കോഴിക്കോട് വച്ചും കൃഷി വകുപ്പു മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ മേഖലാ യോഗങ്ങൾ ചേരുകയുമുണ്ടായി. ടി യോഗങ്ങളിൽ സംഘങ്ങളുടെ ബുദ്ധിമുട്ടുകൾ തരണം ചെയ്യുന്നതിനും സംഭരണം ഊർജ്ജിതപ്പെടുത്തുന്നതിനുമുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഇതിനു പുറമെ സംഘങ്ങൾക്ക് ചാക്കൊന്നിന് നാഫെഡ് നൽകുന്ന 27 രൂപയ്ക്ക് പുറമേ 10 രൂപ അധികമായി സർക്കാർ ഫണ്ടിൽ നിന്നും നൽകുവാൻ സംസ്ഥാന സർക്കാർ ഉത്തരവായിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ സമയോചിതമായ ഇടപെടൽമൂലം ഇപ്പോൾ കൊപ്ര സംഭരണം ഊർജ്ജിതമായി നടപ്പിലാക്കി വരുകയാണ്.

സെക്ഷൻ ഓഫീസർ